പ്രമോട്ടർമാരോട് നിഷ്കർഷിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് നിയമത്തിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ലോട്ടറി വിഷയത്തെ സംബന്ധിച്ച് ശ്രീ. സിബി മാത്യൂസ്, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിൽ ഒരു മോണിട്ടറിംഗ്സെല്ലും സർക്കാർ രൂപീകരിച്ചു. ഈ മോണിറ്ററിംഗ് സെല്ലിൽ ലോട്ടറി സംബന്ധമായ അന്വേഷണത്തെപ്പറ്റിയുള്ള മേൽനോട്ടം വഹിക്കാൻ, സംസ്ഥാനത്തിനകത്ത് കടത്തുന്ന ലോട്ടറി ടിക്കറ്റിന്റെ സംഭരണം, വിതരണം, വിൽപ്പന എന്നിവ ലോട്ടറി റെഗുലേഷൻ ആക്ട് റൂൾ പേപ്പർ ലോട്ടറീസ് ആക്ട് നിയമം എന്നിവ പ്രകാരമാണെന്ന് ഉറപ്പാക്കുന്ന ചുമതലയാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ബി) ഇതുസംബന്ധിച്ച കേസ് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

(സി) ബഹു. ഹൈക്കോടതി WP(C)33409/2010(A)നമ്പർ കേസിലെ 21-1-2011-ലെ ഉത്തരവിൽ 31-ാം ഖണ്ഡികയിൽ ബി.ആർ.എന്റർപ്രൈസസ് കേസിലേയും മറ്റ് വിധികളുടെയും അടിസ്ഥാനത്തിൽ ലോട്ടറി റെഗുലേഷൻ ചട്ടലംഘനങ്ങൾ കണ്ടെത്തുകയാണെങ്കിൽ, ഒരു സംസ്ഥാന സർക്കാരിന് ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ മാത്രമേ കഴിയുകയുള്ളൂ എന്നും, നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാർ ആണെന്നും നിരീക്ഷിക്കുകയുണ്ടായി. വിധിയുടെ 32-ാം ഖണ്ഡികയിൽ റെഗുലേഷൻ ആക്ടിന്റെ സെക്ഷൻ 5 പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാരിന് സംസ്ഥാനത്തിനെ ഒരു ലോട്ടറി ഫ്രീ സോൺ ആയി പ്രഖ്യാപിച്ച് സമൂഹനന്മയെ സംരക്ഷിക്കാവുന്നതാണ് എന്നും അഭിപ്രായപ്പെടുകയുണ്ടായി.

(ഡി) കേന്ദ്രനിയമങ്ങളെ കാറ്റിൽപ്പറത്തി അന്യസംസ്ഥാന ഗവൺമെന്റിന്റെ പേരുപയോഗിച്ച് സ്വകാര്യ വ്യക്തികൾ നടത്തുന്ന ലോട്ടറികളാണ് ഇവിടെ നിലനിന്നിരുന്നത്. നിയമവും ചട്ടവും പാലിച്ച് പൂർണ്ണമായും സുതാര്യമായിട്ടാണ് കേരള സംസ്ഥാന ഭാഗ്യക്കുറിനടത്തുന്നത്. എന്നാൽ ചൂതാട്ട മാതൃകയിൽ നടത്തിവരുന്ന അന്യസംസ്ഥാന ലോട്ടറികൾ വ്യക്തികളെ ഇതിന് അടിമപ്പെടുത്തുകയും സംസ്ഥാനത്തിന്റെ സ്വത്ത് ചൂഷണംചെയ്യുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവരെ നിയന്ത്രിക്കാൻ അതാതു സംസ്ഥാനങ്ങൾക്ക് അധികാരം നൽകുകയാണുവേണ്ടത്. സുതാര്യമായിനടക്കുന്ന കേരള സംസ്ഥാനഭാഗ്യക്കുറി സംരക്ഷിക്കപ്പെടണമെന്നതാണ് സർക്കാർ നിലപാട്.

(ഇ) ബഹു. ഹൈക്കോടതി വിധിക്കെതിരെ സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

അന്യസംസ്ഥാന ലോട്ടറികളിൽനിന്ന് ലഭിച്ച നികുതി

187 (201) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിറ്റഴിച്ചുവെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്യസംസ്ഥാന ലോട്ടറികളുടെ വിൽപ്പനയിനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിയിനത്തിൽ എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അന്യസംസ്ഥാന ലോട്ടറികൾ വിറ്റഴിച്ചതിന്റെ വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. എന്നാൽ ശ്രീ. സിബി മാത്യൂസിന്റെ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ അന്യസംസ്ഥാന ലോട്ടറികൾ പ്രതിദിനം 22.6 കോടി രൂപയുടെ ലോട്ടറി കേരളത്തിൽ വിറ്റഴിക്കുന്നു എന്ന് പരാമർശിച്ചിട്ടുണ്ട്.

(ബി) അന്യസംസ്ഥാന ലോട്ടറികളുടെ വിൽപ്പനയിനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിയിനത്തിൽ 31-1-2011-വരെ 299.29 കോടി രൂപ ലഭിച്ചിട്ടുണ്ട്.

സെൻട്രൽ പോലീസ് ക്യാന്റീനിലെ സാധനങ്ങൾക്ക് വാറ്റ് ഒഴിവാക്കുന്നതിന് നടപടി

188 (202) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ പോലീസ് ക്യാന്റീനിൽനിന്നും വിൽക്കുന്ന സാധനങ്ങൾക്ക് വാറ്റ് ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ക്യാന്റീനിൽ വിൽക്കുന്ന സാധനങ്ങൾക്ക് വാറ്റ് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) മേൽ ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ ബാധകമല്ല. എന്നാൽ കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 6(1)-ാം വകുപ്പിന്റെ അഞ്ചാം പ്രൊവിസോ അനുസരിച്ച് മിലിട്ടറി, നേവൽ, എയർഫോഴ്സ് അല്ലെങ്കിൽ എൻ.സി.സി. ക്യാന്റീൻ, ഇന്ത്യൻ നേവൽ ക്യാന്റീൻ സർവ്വീസ്, ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ് എന്നിവവഴി വിൽക്കുന്ന സാധനങ്ങൾക്ക് പകുതി നിരക്ക് മാത്രമേ ബാധകമായുള്ളു. ഇതല്ലാതെ നികുതിയിളവുകളൊന്നും നൽകിയിട്ടില്ല.

വിമുക്ത ഭടന്മാരായ സർക്കാർ ജീവനക്കാർക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച്

189 (203) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്ത ഭടന്മാരായ സർക്കാർ ജീവനക്കാരുടെ മിലിട്ടറി സേവനം കണക്കിലെടുത്ത് അവർക്ക് ഹയർഗ്രേഡ് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly